## പതിനാലാം കേരള നിയമസഭ
## പതിനഞ്ചാം സമ്മേളനം

നക്ഷത്രചിഹ്നമിടാത്ത ചോദ്യം നം. 2823. 17.06.2019 ൽ മറുപടിയ്ക്ക്

## ലഹരി വിരുദ്ധ പദ്ധതികളിൽ വിദ്യാർത്ഥികളെ ഉൾപ്പെടുത്താൻ നടപടി

| ചോദ്യം | ഉത്തരം |
|---|---|
| ശ്രീ.കെ. ദാസൻ | ശ്രീ.ടി.പി.രാമകൃഷ്ണൻ<br>(തൊഴിലും എക്സൈസും വകുപ്പുമന്ത്രി) |
| വിദ്യാലയങ്ങൾ, കോളേജ് പരിസരങ്ങൾ എന്നിവിടങ്ങൾ കേന്ദ്രീകരിച്ചുള്ള ലഹരിവ്യാപനം തടയാനുള്ള പദ്ധതികൾ വിദ്യാർത്ഥികളെക്കൂടി ഉൾപ്പെടുത്തി കൂടുതൽ ഫലപ്രദമാക്കാനുള്ള നടപടി എക്സൈസ് വകുപ്പ് കൈക്കൊള്ളുമോ; എങ്കിൽ വിശദമാക്കാമോ? | വിദ്യാർത്ഥികളിൽ ലഹരിയ്ക്ക് എതിരായ ചിന്താഗതി വളർത്തിയെടുക്കുവാൻ ഉദ്ദേശിച്ചാണ് സ്കൂൾ കോളേജ് തലങ്ങളിൽ ലഹരി വിരുദ്ധ ക്ലബ്ബുകൾ രൂപീകരിച്ചിട്ടുള്ളത്. നിലവിൽ കോളേജ് തലത്തിൽ 511 ലഹരി വിരുദ്ധ ക്ലബ്ബുകളും സ്കൂൾ തലത്തിൽ 2761 ക്ലബ്ബുകളും പ്രവർത്തിച്ചു വരുന്നുണ്ട്. ടി ലഹരി വിരുദ്ധ ക്ലബ്ബുകളുടെയും പി.റ്റി.എ.യുടെയും സ്കൂൾ ഡെവലെപ്മെന്റ് കമ്മിറ്റിയുടെയും സഹകരണത്തോടെ വിദ്യാർത്ഥികൾക്കായി എക്സൈസ് ഉദ്യോഗസ്ഥർ നേരിട്ടും മറ്റ് ഫാക്കൽറ്റികളുടെ സേവനം പ്രയോജനപ്പെടുത്തിയും ലഹരി വിരുദ്ധ ബോധവത്കരണ ക്ലാസുകൾ സംഘടിപ്പിക്കുന്നുണ്ട്.<br>സംസ്ഥാനത്തൊട്ടാകെ വിദ്യാലയങ്ങളിൽ 2018-19 വർഷത്തിൽ പി.റ്റി.എ.യുമായും ഇതര സ്കൂൾ ക്ലബ്ബുകളുമായും സഹകരിച്ചു കൊണ്ട് 506 വിവിധ ബോധവത്കരണ പരിപാടികളും 188 റാലികളും 24675 ക്ലാസ്സുകളും സംഘടിപ്പിച്ചിട്ടുണ്ട്. വിദ്യാർഥികളെ ലഹരി വിരുദ്ധ ബോധവത്കരണ പ്രവർത്തനങ്ങളിൽ നേതൃത്വപരമായ പങ്ക് വഹിക്കുവാൻ പ്രാപ്തരാക്കുന്നതിലേയ്ക്കായി താലൂക്ക് അടിസ്ഥാനത്തിൽ നിരവധി ഏകദിനശില്പശാലകളും നടത്തുകയുണ്ടായി. വിദ്യാലയങ്ങളിലും പരിസരങ്ങളിലും ലഹരിവസ്തുക്കളുടെ വിതരണം, വിനിയോഗം എന്നിവ ശ്രദ്ധയിൽപ്പെട്ടാൽ പേര് വെളിപ്പെടുത്താതെ തന്നെ വിവരങ്ങൾ അറിയിക്കുന്നതിനായി "വിമുക്തി" എന്ന പേരിൽ ഒരു മൊബൈൽ ആപ്ലിക്കേഷനും ആരംഭിച്ചിട്ടുണ്ട്. |

സെക്ഷൻ ഓഫീസർ